Mr. Deputy President : The Cranganur budget on education forms part of the demand with respect to the Department of Education and so you cannot separately move. To avoid difficulties the President has already ruled on Saturday last that the cut motions with regard to Cranganur can be moved when the other budgets are discussed.

The demand was put and carried.

16. Law and Justice—Rs. 1,99,981.

Mr. Thomas Manjuran (*Advocate-General*): I beg to move for a grant of Rs. 1,99,981 under 16-Law and Justice. I do not feel that I am called upon to make any speech at all at this stage because I find that although a number of cut motions have been tabled not a single one is seen to be tabled directly bearing on the administration of law and justice in the State. I take it that the administration of law and justice has given complete satisfaction. Otherwise I would have expected at least one cut motion reflecting upon such administration. In the absence of any such cut motion I am very glad that the administration has the full acceptance and endorsement of this House. With regard to the few cut motions that do exist they are matters not bearing on the administration of justice, but which I suppose may be considered to be allied or akin to the law and order in the State. These cut motions will be separately moved and as many of them will be moved within the time available and I shall reply them.

Mr. V. J. Mathai (*Planters*): On a point of information, may I know whether there is any time for the discussion of each demand in the Budget?

Mr. Deputy President : Yes. One day. Not more than a day can be taken up for discussion of a particular demand.

Mr. V. J. Mathai (*Planters*): There are a number of heads now under the budget and I would like to know what is the procedure proposed as regards the discussion of these demands.

Mr. K. P. Kannan Nayar (*Secretary to Government*): The House will simply pass them. There will be no discussion at all.

CUT MOTION No. 1.

Mr. K. M. Ibrahim (*Cranganur*): *To reduce the allotment of Rs. 3,874 for establishment, Law Department by Re. 1.*

(*To discuss the urgency of enacting certain laws for the protection of agricultural debtors*).

LIBRARY ARCHIVES Kerala Legislative Assembly

Mr. Thomas Manjuran (*Advocate-General*): I suppose cut motion No. 2-B also may be moved along with this.

Mr. K. M. Ibrahim (*Cranganur*): Sir, since there is no specific point in this except a vague enunciation, I would request the leave of the Hon'ble President to allow me to move cut motion 2-B also along with this.

Mr. Thomas Manjuran (*Advocate-General*): 2-C also.

Mr. K. M. Ibrahim (*Cranganur*): We shall have a separate discussion.

Mr. Thomas Manjuran (*Advocate-General*): Cut motion 2-C is in the supplementary agenda. The idea underlying that cut motion is that a scaling down of debts should be effected.

* **Mr. K. M. Ibrahim** (*Cranganur*): Not 2-C. I want only 2-B now, Sir.

The cut motion 2-B is: "*To reduce the allotment of Rs. 3,874 for establishment—A. Law Department by Re. 1.*

('*To ascertain from the Government what they have done and what they intend to do in furtherance of the kind assurance of the Hon'ble Diwan President reading 'there is no harm in hoping at all' in the House on 21st Makaram, 1113, the subject being the enactment of a law in the State, corresponding to the Madras Agriculturists' Debt Relief Act. (Vide Page 765, Cochin Legislative Council Proceedings, Official Report, 4th Series, Volume VI, Part 10; to suggest that the best way at this late hour to redeem this promise is through a Royal Proclamation of our Gracious and beloved Maharaja; and to further discuss the subject.*')

* മിസ്റ്റർ പ്രസിഡണ്ടു", സർ, മിതങ്ങളിൽ മിതമായിട്ടുള്ള ഒരു അപേക്ഷയുമായിട്ടാണ് ഈ ബഹുമാനപ്പെട്ട സഭയുടെ മുമ്പിൽ ഏറ്റവും വിനീതനായി ഞാൻ നിലകൊള്ളുന്നതു്. എന്റെ പ്രമേയത്തിന്റെ പ്രധാന ഉള്ളടക്കം ഇയ്യിടെയല്ലകാ അധികം നാളായി മദ്രാസ് സംസ്ഥാനത്തിൽ നടപ്പിൽ വന്നിരിക്കുന്ന കർഷകസംരക്ഷണ ബില്ലിനെപ്പോലെയുള്ള ഒരു ബിൽ ഈ രാജ്യത്തു് നടപ്പിലാക്കണമെന്നുള്ളതാണ്. ഈ സംഗതി ഇന്നു പത്തരിയായി ഈ ബഹുമാനപ്പെട്ട നിയമസഭയുടെ ശ്രദ്ധയിൽ വരുന്നതല്ലെന്നു് കാണിക്കുന്ന ഒരു സംഗതിയും പ്രമേയത്തിൽതന്നെ കാണിച്ചിരിക്കുന്നു. ഇതിനുമുമ്പുതന്നെയും ഈ നിയമസഭയിൽ ഇതിനെക്കുറിച്ചു് ഒരാലോചന വരുകയും അതുസംബന്ധമായി ബഹുമാനപ്പെട്ട ദിവാൻ പ്രസിഡണ്ടു് അവർകളും സഹതാപപൂർവ്വം ചില വാക്കുകളും പറയുകയും ചെയ്തിട്ടുണ്ടെന്നും ഈ പ്രമേയത്തിൽ കാണിച്ചിരിക്കുന്നു. കൂടാതെ ഈ പ്രമേയത്തിലുള്ള മറ്റൊരു ആവശ്യം ഇപ്രകാരം മദ്രാസ്സിൽ നിലകൊള്ള

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ന്നതായ കഷ്കസംരക്ഷണ ബിൽ ഈ നിയമസഭയിൽകൂടി വരുന്നപക്ഷം അ തു് ഉടനെ നിയമമാക്കുന്നതിന്നു് വളരെ കാലതാമസം നേരിടുമെന്നുള്ളതി നാൽ അതു് നമ്മുടെ മഹാരാജാവു തിരുമനസ്സിലെ ഒരു വിളംബരമായി, ഒരു നിയമമായി നടപ്പിൽ വരണമെന്നുള്ളതാണു്.

സർ, ഭാരതമഹാജന സഭയുടെ സന്ദേശം വഹിച്ചുകൊണ്ടു് രാജ്യക്ഷേമ ത്തിന്നു് ഇറങ്ങിയിട്ടുള്ള എന്റെ അപ്പുറത്തിരിക്കുന്ന സഹോദരന്മാർ ചെയ്യേ ണ്ട ഒരു ഭാരം ഏതാണ്ടു് ഞാൻ ഏറെറടുത്തിരിക്കുക മാത്രമാണു് ചെയ്തിരിക്ക ന്നതു്. സംഗതിവശാൽ ഈട്ടശമായ ഒരു പ്രമേയം അവരുടെ കായ്പരിപാ ടിയിൽ ഇതുവരെ വന്നിട്ടില്ല. ജോലിത്തിരക്കിന്നിടക്കു് അവക്കു വിട്ടുപോ യ ഒരു സംഗതിയായതുകൊണ്ടു് അതിപ്പോൾ ഞാൻ കൊണ്ടുവരുന്നതു് ഒരു ഭാഗ്യമായി അവർ വിചാരിക്കുമെന്നു് ഞാൻ വിചാരിക്കുന്നു.

സർ, ഇന്നത്തെ ഈ ഉപക്ഷേപത്തിൽ പറഞ്ഞിരിക്കുന്ന രൂപത്തിൽ ഇതു് നടപ്പിൽ വരുന്നതിന്നെതിരായി ഞാൻ ചില കേന്ദ്രങ്ങളിൽ പറഞ്ഞുകേട്ടിട്ടു ള്ള ഒരു പ്രധാനവാദം ഒരു പാർളിമെന്ററി തത്വത്തെ അടിസ്ഥാനപ്പെടുത്തി യാണു്. അവരുടെ ന്യായപ്രകാരം കഷ്കസംരക്ഷണം എപ്രകാരമെങ്കിലും ചെയ്യേണ്ടതാണെന്നും മദ്രാസ്സിൽ കഷ്കസംരക്ഷണം വളരെ നാളായി നടപ്പി ലാക്കീട്ടുണ്ടെന്ന സമ്മതിച്ചാൽ പോലും അതു് നിയമസഭയിൽ സാധാരണ ബിൽ രൂപത്തിൽ അവതരിപ്പിച്ചു് അതിന്റെ അവതരണവും വാദപ്രതിവാ ദവും കഴിക്കാതെകണ്ടു് മഹാരാജാവു തിരുമനസ്സിലെ ഗവമ്മെൻറിൽ നിക്ഷി പ്തമായിരിക്കുന്ന ഒരു പ്രത്യേകാധികാരത്തിന്നു വിട്ടുകൊടുക്കുന്നതു് ശരിയാ ണോ എന്നുള്ള പ്രശ്നമാണു് ഇതിന്നെതിരായി വരുവാനുള്ളതു്. പക്ഷെ സർ, ഞാൻ പറയുന്ന എക്സിക്യൂട്ടീവിൽ അതനുസരിച്ചു നിക്ഷിപ്തമായിരിക്കുന്ന അ ധികാരം എടുത്തു പ്രയോഗിക്കേണ്ടതു് മട്ടനപരമായ നിയമത്തിന്നുവേണ്ടി വളരെ വ്യത്യസ്ത മനോഭാവം ഉണ്ടായേക്കാവുന്ന നിയമം നടപ്പിൽ വരുന്ന സ ന്ദർഭത്തിൽ മാത്രമാണു്. ജനസംരക്ഷണമെന്നു് ശരിക്കു സമ്മതി സിദ്ധിച്ചിട്ടു ള്ളതായ നിയമം ഇപ്രകാരം എക്സിക്യൂട്ടീവു് ഗവമ്മെൻറിൽ നിക്ഷിപ്തമായി രിക്കുന്ന അധികാരപ്രകാരം കൊണ്ടുവരുന്നപക്ഷം ഒരുനിലയിലും ജനങ്ങൾക്കു് എതിരുണ്ടാകുവാൻ നിവൃത്തിയില്ല. ഈ നിയമസഭയിൽതന്നെ അൺടച്ചബി ലിറിറിയേയും അണ്ണ്പ്രോച്ചബിലിറിറിയേയും സംബന്ധിക്കുന്ന ഒരു വിളംബ രം മഹാരാജാവു് തിരുമനസ്സിൽനിന്നും കൊണ്ടുവരേണ്ടതാണെന്നുള്ള പ്രമേയ ത്തോടു യോജിച്ചു ഞങ്ങളെല്ലാം വോട്ടചെയ്തിരിക്കുന്നു. അപ്രകാരമുള്ള പ്ര ത്യേകാധികാരം മഹാരാജാവു് തിരുമനസ്സിലെ എക്സിക്യൂട്ടീവു് ഗവമ്മെണ്ടു് ഉ പയോഗിക്കുന്നതിനെ ഈ നിയമസഭതന്നെ തങ്ങളുടെ വോട്ടുകൊണ്ടു സമ്മതി ച്ചുകഴിഞ്ഞിരിക്കുന്നു. ജനക്ഷേമകരങ്ങളായ കായ്ത്തിന്നുവേണ്ടി മഹാരാജാവു തിരുമനസ്സിലെ ഗവമ്മെണ്ടിന്റെ നിക്ഷിപ്താധികാരം പ്രയോഗിക്കാമെന്ന സ മ്മതിച്ചുകൊണ്ടുള്ള ഒരു നിശ്ചയം ഈ നിയമസഭ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടു്. ആ നയം തുടരുന്നതു വിരോധമാണെന്നുള്ളപക്ഷം മുൻസമ്മതത്തിന്നു വിരുദ്ധ മായ നിയമതടസ്ഥമായിരിക്കും. എക്സിക്യൂട്ടീവിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ പലകായ്ങ്ങളിലും വിനിയോഗിക്കുന്നുണ്ടു്. ചില ബില്ലുക ളെല്ലാം വരുമ്പോൾ പ്രസിഡെണ്ടു് അവർകളുടെ അനുവാദത്തോടുകൂടി സ്റ്റാൻ റിംഗ് ഓർഡർ സസ്പെൻഡചെയ്യുവാൻ അപേക്ഷിക്കുന്നതു് ഏതുതരത്തിലായാ ലും പ്രത്യേകാധികാരം ഉണ്ടായിട്ടുള്ളതുകൊണ്ടാണു്. ഇങ്ങിനെ ഏതു രൂപ ത്തിൽ നോക്കിയാലും ഈ നിയമസഭയിൽ എക്സിക്യൂട്ടീവിൽ നിക്ഷിപ്തമായി രിക്കുന്ന അധികാരങ്ങൾ ജനോപകാരപ്രദങ്ങളായ കായ്ങ്ങൾക്കുവേണ്ടി വിനി യോഗിക്കുന്നതിന്നു സമ്മതം കൊടുത്തിട്ടുള്ളതായി എനിക്കു തെളിയിക്കുവാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

സർ, കഷ്കന്മാക്ക് ഇപ്രകാരം വളരെ പ്രബുദ്ധമായ നിയമങ്ങളെക്കൊണ്ട് സംരക്ഷണം ചെയ്യേണ്ട കാലം ആസന്നമായിരിക്കുന്നു എന്ന് ഒരു പ്രസംഗത്രുപേണ ബഹുമാന്യന്മാരായ സാമാജികന്മാരെ ധരിപ്പിക്കേണ്ടതായിട്ടുള്ള സമയം ഇതല്ലെന്നാണ് എന്റെ വിശ്വാസം. അതുകണ്ട് അവരുടെ കഷ്ടപ്പാടുകളും അവശതകളും അതിനുള്ള നിവാരണമാർഗ്ഗങ്ങളും രാജ്യത്തിലൊട്ടാകെ മാറ്റൊലിക്കൊള്ളുകയും അവരുടെ പ്രതിനിധിയായ നാം അതിനെ പഠിക്കുകയും ചെയ്തിട്ടുള്ള ഈ സമയത്തു് അവരുടെ അവശതയുടെ നാനാവശങ്ങളെക്കുറിച്ചു പ്രസംഗത്രുപേണയുള്ള ഒരു വ്യവഹാരത്തിനും സ്ഥാനമില്ല എന്നു ഞാൻ വിചാരിക്കുന്നു. ഇപ്പോൾ മജ്യൂസ്ഥബോർഡ് ത്രുപേണയും ഭ്രസേത്തു ജാമ്യ ബാങ്കു മുഖേനയും ആറുമാസക്കാലത്തേക്കു നിബ്ബന്ധനടപടികൾ നിത്തിവെക്കേണമെന്ന വിളംബരം മുഖേനയും കഷ്കന്മാക്കു ചെയ്തിട്ടുള്ള സഹായത്തിൽനിന്നു തന്നെ കഷ്കന്മാരുടെ ഭയങ്കരീയാവസ്ഥക്കു് ഒരു പരിഹാരമാർഗ്ഗം കണ്ടുപിടിക്കുന്നതു് ഗവമ്മെണ്ടു് ഒരു ഭൂഷണനയമായി സ്വീകരിച്ചുതിനുള്ള ഒരു തെളിവായി ഞാൻ ബഹുമാനപ്പെട്ട സാമാജികന്മാരുടെ മുമ്പിൽ വെച്ചുകൊള്ളുന്നു. അതുകൊണ്ടു ഞാൻ പറയുന്നതു് മദ്രാസ് സംസ്ഥാനത്തിൽ ഇപ്പോൾ നടപ്പിൽ വരുത്തിയിരിക്കുന്ന കഷ്കസംരക്ഷണവ്യവസ്ഥയെ ഇവിടെയും നടപ്പിൽ വരുത്തി കടക്കാരായ കഷ്കന്മാരെ സഹായിക്കണമെന്നാണു്. കൊച്ചി രാജ്യവും മദ്രാസ് സംസ്ഥാനവും ഭൂമിയുടെ തെക്കും വടക്കും കിടക്കുന്ന വിഭാഗത്തിലെ രണ്ടു ശോളങ്ങളല്ല. വളരെ തൊട്ടുകിടക്കുന്ന ഒരു രാജ്യമാണു്. രണ്ടു രാജ്യങ്ങളിലേയും കഷ്കന്മാക്കും ധനസംബന്ധമായും മറ്റുമുള്ള കായ്ങ്ങളിലും തുല്യനിലയാണുള്ളതു്.

നമ്മുടെ ഗവമ്മെണ്ടുതന്നെ കഷ്കന്മാരെ സംബന്ധിച്ചിടത്തോളം വരുത്തിവെച്ചിരിക്കുന്ന ചുറുപാടുകളിൽനിന്നു കഷ്കന്മാക്കു വളരെ അവശതകളുണ്ടെന്നു ഗവമ്മെണ്ടും സമ്മതിച്ചിട്ടുള്ളതായി എനിക്കു സ്ഥാപിക്കാൻ കഴിയും. ഫ്രാൻസ്-ൽ എതാണ്ടു് അഞ്ചാറുകൊല്ലം മുമ്പു് നമ്മുടെ കൊച്ചിയിലെ ദിവാൻജി മഹാരാജാവു തിരുമനസ്സിലെ പ്രതിനിധി എന്നോണം പാസാക്കിയ പ്രൊസീഡിംഗ്സിൽ കഷ്കന്മാരുടെ കടങ്ങൾ ഇപ്പോൾ നടപ്പിൽ വരുത്തിയിരിക്കുന്ന എന്നു സമ്മതിച്ചിട്ടുണ്ടു്. കഷ്കന്മാരുടെ കടം ഇപ്രകാരം വല്ലിച്ചിരിക്കുന്നു എന്നു സമ്മതിച്ചിട്ടുള്ള ഗവമ്മെണ്ടു് വാസ്തവത്തിൽ മദ്രാസ് സംസ്ഥാനത്തിൽ ഇപ്പോൾ നടപ്പിൽ വന്നിരിക്കുന്ന നിയമത്തിനു മുമ്പുതന്നെ ഇവിടെ ആ നിയമം നടപ്പിൽ വരുത്തേണ്ടതായിരുന്നു. ഇവിടത്തെ കഷ്കപ്രക്ഷോഭണത്തിന്റെ ഫലമായി അടുത്ത നിയമസഭയിൽതന്നെ കഷ്കന്മാരുടെ കടത്തെ നിയന്ത്രിക്കുന്നതായ ഒരു ബിൽ, ഗവമ്മെണ്ടു ഭാഗത്തുനിന്നും കൊണ്ടുവരുമെന്നു് പ്രൊസീഡിംഗ്സിൽ പ്രസിദ്ധപ്പെടുത്തി നമ്മെയെല്ലാം സമാധാനിപ്പിച്ചു. നമ്മുടെ നിർഭാഗ്യവശാലൊ കഷ്കന്മാരുടെ നിർഭാഗ്യവശാലൊ നമ്മുടെ രാജ്യത്തിന്റെ നിർഭാഗ്യവശാലൊ ആ വാഗ്ദത്തം ഇന്നും പുല്ലതിനാത്ത ഏട്ടിലെ പശുവായിട്ടു് നമ്മുടെ മുമ്പിൽ നിലകൊള്ളുന്നു. അതുപോലെതന്നെ മറ്റു പല പ്രസ്താവനകൾകൊണ്ടും ഇവിടത്തെ കഷ്കന്മാരെ സംബന്ധിച്ചിടത്തോളം ഇവിടത്തെ നിയമത്തിൽ ഘോരതരമായ ഒരു മാറ്റം വരുത്തേണ്ടതിന്റെ അത്യാവശ്യകതയെ സംബന്ധിക്കുന്ന പല പ്രമാണങ്ങളും നമ്മുടെ മുമ്പിൽ ഗവമ്മെൻറു വച്ചുതന്നിട്ടുണ്ടു് എന്നു കാണുവാൻ കഴിയും. ഉൽപ്പന്ന ഫെബ്രുവരിയിൽ മദ്രാസിലെ ബില്ലിലെ തത്വത്തെ പ്രവചിക്കുന്ന ഒരു പ്രമേയം ഈ നിയമസഭയിൽ പാസാക്കീട്ടുണ്ടു്. ആ പ്രമേയം ഇതാണു്. "This Council recommends to the Government to formulate a scheme to scale down the agriculturists in proportion to the fall in prices". കാഷ്കോല്പന്നങ്ങളുടെ വിലയിടിവുനിമിത്തം വന്നിട്ടുള്ള താരിപ്പു

LIBRARY ARCHIVES Kerala Legislative Assembly

വ്യത്യാസം അനുസരിച്ച് കർഷകന്മാരുടെ കടത്തെ ലഘൂകരിക്കേണ്ട ഒരു നിയമം നടപ്പാക്കുവാൻ ഈ നിയമസഭ ഗവൺമെണ്ടിനോട് ശുപാർശചെയ്യുന്നു എന്ന പ്രമേയത്തിൽ കൂടുതൽ എന്തു സംഗതിയാണ് മദ്രാസ് ഗവൺമെണ്ട് ചെയ്തിട്ടുള്ളതു് എന്നു ഞാൻ ചോദിക്കുന്നു. ഈ നിയമസഭയിൽ വെച്ചു പാസാക്കിയ പ്രമേയത്തിന്റെ തത്വം ആ കാലത്തു വേണ്ട സമയത്തു നടപ്പിൽ വരുത്തിയിരുന്നെങ്കിൽ അതിൽ കൂടുതൽ മദ്രാസ് നിയമസഭയ്ക്കുപോലും ചെയ്യാൻ ഉണ്ടായിരിക്കയില്ല. തക്കസമയത്തു് ജനപ്രതിനിധികളുടെ ആവശ്യത്തെ മനസ്സിലാക്കി വേണ്ടവിധം എക്സിക്യൂട്ടീവു് കരണംനിവ്വഹിച്ചിരുന്നെങ്കിൽ അവിടെ ഇന്നു നടപ്പിൽ വന്നിരിക്കുന്നു എന്നു വിചാരിക്കുന്ന സംഗതി ഒരുപക്ഷേ മദ്രാസിൽ വരുന്നതിനു മുമ്പു്, കൊച്ചിയിൽ വരുമായിരുന്നുവെന്നു ബഹുമാനപ്പെട്ട സഭയുടെ ദൃഷ്ടിയിൽ പെടുത്തുക മാത്രമാണു് ഞാൻ ചെയ്യുന്നതു്".

ചില അവസരത്തിൽ ഈ നിയമസഭയിൽ തന്നെ കർഷകന്മാരുടെ മഹാ അധഃപതനത്തേയും പട്ടിണിയേയും സാക്ഷീകരിക്കാവുന്ന സങ്കടകരമായ പല കണക്കുകളും പ്രസംഗങ്ങളും ഗവൺമെണ്ടുതന്നെ അറിയാതെ തന്നിട്ടുണ്ടു്. ൧൯൦൭-ൽ ഈ നിയമസഭയിലുണ്ടായ ഒരു പ്രമേയ വ്യവഹാരവേളയിൽ ഒരു ചെറിയ കുഗ്രാമമായ അഴീക്കോട്ടു് പത്തു കൊല്ലം കൊണ്ടു് നൂറോളം പട്ടയദാരന്മാർ നശിച്ചുപോകുമെന്നു്, ഗവൺമെൻറു് സമ്മതിച്ചിട്ടുണ്ടു്. ഒരു കുഗ്രാമമായ അഴീക്കോട്ടു് പത്തു കൊല്ലം കൊണ്ടു ൧൦൦ ആളുകൾ കടം കൊണ്ടു നശിച്ചുപോകുമെങ്കിൽ നമ്മുടെ രാജ്യത്തു് ഒട്ടാകെ എത്ര പേർ നശിച്ചുപോകുമെന്നു ബഹുമാനപ്പെട്ട മെമ്പർമാർ തന്നെ ഒന്നു കണക്കു കൂട്ടി മനസ്സിലാക്കി നോക്കുക.

ഇതു ഒരു പ്രദേശത്തെയൊ ഒരു താലൂക്കിനേയൊ മാത്രം ബാധിക്കുന്ന ഒരു ദേശീയമായ സംഗതിയല്ല. നമ്മുടെ രാജ്യത്തു ഇന്നു് ഉണ്ടായിരിക്കുന്നതായ ഒരു മാഹാധഃപതനത്തിന്റെ മാനണ്ഡമായി ഒരു അളവുകോലായി ആണു് അതു് കണക്കാക്കേണ്ടതു് എന്ന സംഗതി നിങ്ങൾ മറക്കരുതു്. ഇതു് രാജ്യത്തിൽ എവിടെയൊ ഒരു മൂക്കിൽ ഉണ്ടായ ഒരു സംഗതിയല്ല. ഇതു് വാസ്തവത്തിൽ ഇന്നൊരുതുവായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കർഷകനാശത്തിന്റെ ഒരു ലക്ഷ്യമെന്നു നിങ്ങൾ സദയം മനസിലാക്കണമെന്നു മാത്രമാണു് ഞാൻ അപേക്ഷിക്കുന്നതു്.

മദ്രാസിൽ പാസ്സായിട്ടുള്ള നിയമത്തിലെ ഏറ്റവും പ്രധാനമായിട്ടുള്ള തത്വത്തെക്കുറിച്ചു നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കും. മുതലിന്റെ രണ്ടിരട്ടി, കടക്കാരനായ ഒരു കർഷകൻ കൊടുത്തുപോയിട്ടുണ്ടെങ്കിൽ അയാളുടെകടം കൊടുത്തു തീർക്കപ്പെട്ടതായി ആ നിയമത്തിൽ പറഞ്ഞിരിക്കുന്നു. എന്നാൽ മുതലിന്റെ ആറിരട്ടിയുള്ള പല വിധികളും നമ്മുടെ രാജ്യത്തിൽ ഉള്ളതായി ഗവൺമെൻറിന്റെ കണക്കു കൊണ്ടു തന്നെ കാണുന്നുണ്ടു്. നമുക്കും എത്ര കാലംതാമസിച്ചാലും മദ്രാസു സംസ്ഥാനത്തിലെ സംരക്ഷണകൾ പ്രകാരം ഈ നിയമം ഇവിടെയും നടപ്പിൽ വരുത്തി കർഷകന്മാരുടെ സംരക്ഷണക്കുവേണ്ടി സന്നദ്ധമാകാത്ത പക്ഷം നാം നമ്മുടെ രാജ്യത്തോടും നമ്മെ ഉത്തരവാദപ്പെടുത്തി ഇവിടെ അയച്ചിരിക്കുന്ന നിയോജകമണ്ഡലത്തോടും ചെയ്യുന്ന ഒരു മഹാപാതകമായിരിക്കുമെന്നാണു് എന്റെ വിനീതമായ അഭിപ്രായം.

സർ, ദീർഘമായ ഒരു പ്രസംഗത്തിന്റെ ആവശ്യമില്ലാത്ത നിലയിൽ അയൽരാജ്യത്തു വിജയപ്രദമായി നടക്കുന്ന ഒരു പരീക്ഷണത്തെ ഇവിടേയും പകർത്തണമെന്നുള്ള അപേക്ഷക്കു ഇതിൽ കൂടുതലായി ഒരു വിശദീകരണം

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ആക്കും അറിവില്ലാത്തതായ ഒരു പുതിയ കാര്യമാണ് ഞാൻ ബഹുമാനപ്പെട്ട മെമ്പർമാരുടെ മുമ്പിൽ വെച്ചിരുന്നതെങ്കിൽ അതിനെക്കുറിച്ച് വളരെ സംശയിക്കയും അതിനെക്കുറിച്ച് വളരെ വ്യവഹാരം ചെയ്കയും അതിനെക്കുറിച്ച് കൂലങ്കഷമായി പരിശോധിക്കുകയും ചെയ്യേണ്ട കടമ ബഹുമാനപ്പെട്ട സാമാജികന്മാക്കുണ്ടാകുമായിരുന്നു. ഞാൻ ഇവിടെ കൊണ്ടുവരുന്നതു് നമ്മുടെ അയൽരാജ്യത്തു് വളരെ വിജയപ്രദമായി നടപ്പിൽ വന്നിരിക്കുന്ന ഒരു നിയമം ഇവിടേയും പകർത്തണമെന്നു മാത്രമാണ്. ഇതിനു് കൂടുതൽ വിവരണം ആവശ്യമില്ല. പ്രത്യേകിച്ച് ഒരു സംഗതി ബഹുമാനപ്പെട്ട ടെഷറി ബെഞ്ചിലെ മെമ്പർമാരോട് പറഞ്ഞുകൊള്ളുന്നു. ഞങ്ങൾ ബഹളം ഉണ്ടാക്കാത്തതുകൊണ്ട്, ഞങ്ങൾ ഒച്ചപ്പാടുണ്ടാക്കാത്തതുകൊണ്ട്, കൊച്ചിയിലെ പൌരന്മാർ ബ്രിട്ടീഷിൻഡ്യയിലും മറ്റുമുള്ള ഇന്നത്തെ ദേശാഭിമാനികൾ ചെയ്യുന്നതുപോലെ അവരവരുടെ രക്ഷക്കു വേണ്ട ന്യായമായ കാര്യപരിപാടി സ്വീകരിക്കാത്തതു കൊണ്ടു് ശിക്ഷിക്കാനാണു് ഭാവമെങ്കിൽ വാസ്തവത്തിൽ നമ്മുടെ രാജ്യത്തിലെ ഭരണാധികാരികളുടെ രാജഭക്തി പ്രവീണതയിൽ ഞങ്ങൾക്കു തെല്ലും വിശ്വാസമില്ലെന്നാണു എനിക്കു തോന്നുന്നതു്. രാജഭക്തിയും, വ്യവസ്ഥാപിതഭരണ ക്ഷേമാശയമായി കഴിഞ്ഞുകൂടുന്ന, നാട്ടിൽ കഴിയുന്നിടത്തോളം മിതപരമായകാര്യപരിപാടികളും സ്വീകരിക്കാതെ കെഞ്ചിയും അപേക്ഷിച്ചും കാര്യങ്ങൾ നടപ്പാക്കണമെന്നു വിചാരിച്ച് സമാധാനപരരായി കഴിഞ്ഞുകൂടുന്ന ജനങ്ങൾ ബഹളം കൂട്ടി അവരുടെ കാര്യം സാധിച്ചു എന്നു വരുത്തുന്നതിലല്ല നിങ്ങളുടെ വിജയം സ്ഥിതി ചെയ്യുന്നതു്. നാട്ടിൽ ഒച്ചപ്പാടുണ്ടാക്കാൻ നിങ്ങൾ ശ്രമിക്കയാണെങ്കിൽ അതു നിങ്ങൾ രാജ്യത്തോടു ചെയ്യുന്ന ഒരു മഹാപരാധമായിരിക്കും എന്നാണു" ഞാൻ പറയുന്നതു്. നിങ്ങൾ വിപ്ലവത്തെ ആകമാനം പ്രോത്സാഹിപ്പിക്കുന്നതായിരിക്കും, നിങ്ങൾ ജനങ്ങളുടെ ശക്തിയെ പ്രോത്സാഹിപ്പിക്കുന്നതായിരിക്കും, നിങ്ങൾ രക്തത്തെ പ്രോത്സാഹിപ്പിക്കുന്നതായിരിക്കും, നിങ്ങൾ അസമാധാനത്തെ പ്രോത്സാഹിപ്പിക്കുന്നതായിരിക്കും, എന്നാണു് ഞാൻ പറയുന്നതു്. വ്യവസ്ഥാപിത ഭരണത്തിൽ വിശ്വസിക്കുന്ന സമാധാനപ്രിയന്മാരായ ജനങ്ങൾക്കു് പ്രത്യേകമായ ഒരു ചാരിതോഷികം കൊടുത്തതായി ലോകത്തോടു പ്രഖ്യാപനം ചെയ്യുന്ന വിധത്തിലുള്ള ഒരു കാര്യപരിപാടി നിങ്ങൾ സ്വീകരിക്കണമെന്നു വീണ്ടും വീണ്ടും ഞാൻ നിങ്ങളോടു അപേക്ഷിച്ചുകൊണ്ടു് ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. Deputy President: With regard to cut motion No. 2-C..

Mr. K. M. Ibrahim (*Cranganur*): No. I am not moving. Let it take its own time.

Mr. Deputy President: Is it not the same argument or different?

Mr. K. M. Ibrahim (*Cranganur*): A bit different.

* **Mr. P. Govinda Menon** (*Mulakunnathukavu*): മിസ്റ്റർ പ്രസിഡണ്ടു് സർ, നമ്മുടെ ഗവൺമെണ്ടു് കൊച്ചി രാജ്യത്തിലെ ജനങ്ങളുടെ നന്മയെ ലാക്കാക്കി പ്രവൃത്തിക്കുന്നതാണെങ്കിൽ, അവരുടെ ശ്രേയസ്സിൽ പെട്ടതായുണ്ടായ ഏറ്റവും പ്രധാനപ്പെട്ട വിഷയമാണു് എന്റെ ബഹുമാനപ്പെട്ട

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

സ്നേഹിതൻ മിസ്റ്റർ ഇബ്രാഹിം ഈ സഭ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ളതെന്നു ഞാൻ ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപത്തിനു് മറുപടി പറയുന്നതു് ബഹുമാനപ്പെട്ട റവന്യൂ മെമ്പറായിരുന്നു എന്നുണ്ടെങ്കിൽ അദ്ദേഹത്തിനു പറയാവുന്നതു്, ഇതിനു് മുമ്പു പല തവണ ഈ സഭയിൽ പറഞ്ഞു്, ഈ സഭയുടെനിർജ്ജീവമായ ചുമതലകൾക്കുപോലും കണക്കാക്കാമായിത്തീർന്നിട്ടുള്ള മൂന്നു വാദങ്ങളായിരിക്കുമെന്നു ഈ സഭ ഇപ്പോൾ ധരിച്ചിരിക്കും. ഈ വിധത്തിലുള്ള വാദങ്ങൾ ഈ നിയമസഭയിലെ അനുദ്യോഗസ്ഥപക്ഷത്തുനിന്നു വരുമ്പോൾ കൊച്ചിരാജ്യത്തിലെ കർഷകന്മാർക്കു വേണ്ടതായിട്ടുള്ള നന്മയെ ചെയ്യുന്നതിനു് വേണ്ടതിലധികം ശബ്ദമുണ്ടാക്കിനിന്നു പ്രവൃത്തിച്ചുകഴിഞ്ഞിട്ടുണ്ടു് എന്നു ശബ്ദമുണ്ടു് ഭാഗത്തുനിന്നു പറയാവുണ്ടു്. ഞങ്ങൾ പലിശ നിയന്ത്രണ ബിൽ പാസ്സാക്കീട്ടുണ്ടു്. കഴിഞ്ഞ ചിങ്ങമാസത്തിനുശേഷം ഉണ്ടായ ഇടപാടുകളെ ബാധിക്കുന്നതും അനേക കാലത്തെ രാപ്കലില്ലാത്ത പ്രവർത്തനംമൂലം സ്ഥാപിച്ചിരിക്കുന്നതുമായ പലിശ നിയന്ത്രണ ബിൽകൊണ്ടു് കൊച്ചിരാജ്യത്തിലെ പാവപ്പെട്ട കടക്കാർക്കു വലിയ ഉപകാരമൊന്നും ഉണ്ടായിട്ടില്ലെന്നു അതിനെക്കുറിച്ചു പരിചയമുള്ളവർക്കു അറിയാൻ സാധിക്കുന്നതാണു്. പിന്നെ പറയുന്നതു് ഞങ്ങൾ ട്രഷറിയിൽ ജാമ്മ്യബാങ്കു് സ്ഥാപിച്ചതു ഈ വിടത്തെ കർഷകരെ സഹായിക്കാൻവേണ്ടിയാണെന്നാണു്. കൊച്ചിയിലെ മുതലുള്ളവരും തൻറേടക്കാരുമായ കർഷകർക്കു ഉപകാരം കിട്ടത്തക്കസ്ഥിതിയിൽ ആദായം സമ്പാദിക്കുവാനുള്ള ഒരു സ്ഥാപനമാണു് ട്രഷറിയിൽ ജാമ്മ്യബാങ്കു് എന്നു അതിൻറെ യഥാർത്ഥസ്ഥിതി അറിയാവുന്നവർക്കു മനസ്സിലാകുന്നതാണു്. പിന്നെ പറയുന്നതു ഡെറാഡൂൺ കൺസിലിയേഷൻ ബോർഡു് നടപ്പിൽ വരുത്തിയെന്നാണു്. ഡെറാഡൂൺ കൺസിലിയേഷൻ ബിൽ നിയമമാക്കുന്നതിനുശേഷം അതു് തെക്കൻ താലൂക്കുകളിൽ മാത്രം നടപ്പിൽ വരുത്തുകയാണു് ചെയ്തിരിക്കുന്നതു്. തെക്കൻ താലൂക്കുകളിൽ ജുണരഞ്ജന ബോർഡു് സ്ഥാപിച്ചതുകൊണ്ടും വടക്കൻ താലൂക്കുകളിൽ സ്ഥാപിക്കാത്തതുകൊണ്ടും ജുണരഞ്ജന ബോർഡുകൊണ്ടു് തെക്കൻ താലൂക്കുകളിലെ ഉത്തമർണ്ണന്മാർ എത്തിച്ചേർന്നിട്ടുള്ള കഷ്ടാവസ്ഥകളെ വടക്കൻ താലൂക്കുകളിലെ ഉത്തമർണ്ണന്മാരോടുപമിക്കുമ്പോൾ അവർക്കു വളരെ അസഹനീയമായിത്തോന്നിയിട്ടു അവർ അതിനെക്കുറിച്ചു വലിയ ആക്ഷേപമുണ്ടാക്കാതിരിക്കുന്നതുകൊണ്ടും ഈ ഡെറാഡൂൺ കൺസിലിയേഷൻ ബോർഡുകൊണ്ടു് ഉത്തമർണ്ണന്മാർക്കു ഭയമില്ലെന്നും, ഡെറാഡൂൺ കൺസിലിയേഷൻ ബോർഡുകൊണ്ടു് നമ്മുടെ നാട്ടിലെ അധമർണ്ണന്മാർക്കും വലിയ ആശ്വാസം കിട്ടുന്നില്ലെന്നും പ്രത്യക്ഷപ്പെട്ടുന്നുണ്ടു്. കൺസീലിയേഷൻ ബോർഡു് നമ്മുടെ നാട്ടിലെ പാവപ്പെട്ട കർഷകന്മാർക്കു ആശ്വാസം കിട്ടുന്ന ഒന്നാണെന്നു ശബ്ദമുണ്ടാക്കുന്നതിനു് യഥാർത്ഥത്തിൽ ബോദ്ധ്യമുണ്ടെങ്കിൽ വടക്കൻ താലൂക്കുകളിലും ഈ ബോർഡു് സ്ഥാപിക്കുവാൻ ഇത്ര ആലസ്യവും, അനാസ്ഥയും കാണിക്കുന്നതെന്തിനാണെന്നു ഞാൻ ചോദിക്കുന്നു. മേൽപറഞ്ഞ മൂന്നു സംഗതികളെക്കൊണ്ടും, അല്ലെങ്കിൽ ശബ്ദമുണ്ടു് ചെയ്യുവെന്നും, ചെയ്യുന്നുവെന്നും, ചെയ്യാമെന്നും പറയുന്ന പല സംഗതികളെക്കൊണ്ടും നമ്മുടെ നാട്ടിലെ കർഷകന്മാരുടെ സ്ഥിതി ഒരു വിധത്തിലും നന്നാകുന്നതല്ലെന്നു ശബ്ദമുണ്ടിനെ ധരിപ്പിച്ചുകൊള്ളുന്നു. വലിയ കടത്തിൽ അകപ്പെട്ടു്, ദാരിദ്ര്യത്തിൽ അകപ്പെട്ടു്, മേൽഗതികളുള്ള ആശകൂടിവെടിഞ്ഞു് ഭ്രഷ്ടലോകനരകമനുഭവിക്കുന്ന നമ്മുടെ നാട്ടിലെ കർഷകന്മാരുടെ യഥാർത്ഥസ്ഥിതി ഉദ്യോഗസ്ഥന്മാർക്കും, അനുദ്യോഗസ്ഥന്മാർക്കും കാണാൻ സാധിക്കുന്നില്ലെങ്കിൽ അതിൽ അവരെ കുറപ്പെടുത്തേണ്ടതില്ല. എന്നാൽ ദാരിദ്ര്യവും കഷ്ടതയും അനുഭവിച്ചുറിയാൻ കഴിഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള ഒരു കൂട്ടർ മദ്രാസ് പ്രസിഡൻസിയിൽ അധികാരത്തിൽ വന്നതോട്ടുകൂടി ആ നാട്ടിലെ പാവപ്പെട്ട കർഷകന്മാരെ രക്ഷിക്കാൻവേണ്ടി അവർ നടപ്പിൽ വരുത്തിയ ആ നിയമം നമ്മുടെ നാട്ടിലും നടപ്പിൽ വരുത്തണമെന്നു പറയുമ്പോൾ അതിന്റെ ആവശ്യകത എത്രത്തോളമുണ്ടെന്നു് നമ്മുടെ ഗവൺമെണ്ടിനു് മനസ്സിലാക്കാൻ സാധിക്കുന്നതാണു്. ഏതെങ്കിലും കരാറുപ്രകാരമായിരിക്കും കടക്കാർ കടം വാങ്ങിയിട്ടുള്ളതു്, അതുകൊണ്ടു് ഈ നിയമം നടപ്പിലായാൽ ആ കരാറിനു് തടസ്ഥമായിത്തീരും. അതുകൊണ്ടു് ഉത്തമർണ്ണന്മാരും അധമർണ്ണന്മാരും തമ്മിൽ ഒരേമനസ്സായിട്ടു പ്രവൃത്തിച്ചിട്ടുള്ള കരാറിൽ ഗവൺമെണ്ടു് അധികൃതമായിട്ടു പ്രവേശിക്കുന്നതു ശരിയായിരിക്കുകയില്ലെന്നു ചില നിയമശാസ്ത്ര പണ്ഡിതന്മാർ വാദിച്ചേക്കാം. എന്നാൽ ഏറ്റവും വലിയ നിയമപണ്ഡിതന്മാരുടെ അനുവാദത്തോടുകൂടി, ഏറ്റവും വലിയ സ്ഥാപിത താല്പര്യക്കാരായ മദ്രാസ് ഗവർണ്ണരുടേയും, ഇൻഡ്യാ വൈസ്രോയിയുടേയും അനുമതിയോടുകൂടിനമ്മുടെ അയൽ രാജ്യത്തുനടപ്പിൽ വന്നിട്ടുള്ള ഈ നിയമം തല്ക്കാലം ഇവിടെയൊന്നു പരീക്ഷിച്ചു അതിൽ വല്ല കുറവും വന്നിട്ടുണ്ടെങ്കിൽ ആ കുറവിനെ നീക്കം ചെയ്തു നമ്മുടെ രാജ്യത്തിൽ ഒരു രാജകീയ വിളംബരം മൂലം നടപ്പിൽ വരുത്തണമെന്നാണ് ഈ ഉപക്ഷേപം മൂലം അപേക്ഷിക്കുന്നതു്.

ഒരുപക്ഷെ ഇങ്ങനെയുള്ള ഒരു ബിൽ അനുദ്യോഗസ്ഥപക്ഷത്തുനിന്നു കൊണ്ടുവരുവാൻ പാടില്ലെയെന്നു് ഗവൺമെണ്ടു് ചോദിച്ചേക്കാം. അനുദ്യോഗസ്ഥപക്ഷത്തുനിന്നു ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നാൽ അതു് നിയമമാക്കിത്തീർക്കുന്നതിനു വളരെ ബുദ്ധിമുട്ടുണ്ടു്. ആദ്യം അതു് നിയമസഭയിൽ അവതരിപ്പിച്ചു പാസ്സാക്കണം. അതിനുശേഷം അതു് സെലക്ടു് കമ്മറ്റിക്കു പോകണം. സെലക്ടു് കമ്മറ്റിക്കുപോയി മടങ്ങിവന്നശേഷം മൂന്നാംവായന കഴിക്കണം. അതിനുശേഷം ആ ബിൽ അപ്രത്യക്ഷമായ ഏതോ ഒരു മിക്കിൽ പോയി നില്ക്കും. പിന്നെ ആ ബിൽ നിയമമാകുമോ, ഇല്ലയോ എന്നുള്ള അശരീരി വാക്കു് എന്നാണു് സഭയ്ക്കു കേൾക്കുവാൻ സാധിക്കുകയെന്നുള്ളതു് പ്രത്യക്ഷത്തിൽ പറയാൻ സാധിക്കുകയില്ല. തുല്യചാർത്തലാകുന്ന ആ അശരീരിവാക്കു കേൾക്കുന്നതിനുമുമ്പിൽ നിയമപ്രകാരം ഒന്നും പറയാൻ പാടില്ല. അതുകൊണ്ടു് കർഷകന്മാരുടെ ആശ്വാസത്തിനു വേണ്ടതായ ഒരു നിയമം അനുദ്യോഗസ്ഥ പക്ഷത്തുനിന്നും കൊണ്ടുവന്നു പാസ്സാക്കി ഒരു നിയമമാക്കുകയെന്നുള്ളതു് അസാദ്ധ്യമാണെന്നു് എല്ലാവക്കുമറിയാം. അതുകൊണ്ടു് ഇതിന്റെ ആവശ്യം ഗവൺമെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടെങ്കിൽ ഒരു വിളംബരംമൂലം നടപ്പിൽ വരുത്തേണ്ടതാണെന്നു് ഗവൺമെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഒരു വിളംബരംമൂലം ഈനിയമം നടപ്പിൽ വരുത്തുന്നതിനു ഏതെങ്കിലും തരത്തിൽ ഗവൺമെൻറിനു ബുദ്ധിമുട്ടുണ്ടെങ്കിൽ, ഈ സഭയിൽനിന്നോ അല്ലെങ്കിൽ സഭയുടെ പുറത്തുനിന്നോ നാലഞ്ചാളുകളെ ചേർത്തു് ഒരു കമ്മറ്റിയായിനിയമിച്ചു ആ കമ്മറ്റിയുടെ അഭിപ്രായമനുസരിച്ചു് ഇങ്ങനെ ഒരു ബിൽകൊണ്ടുവരുവാൻ ഗവൺമെൻറിനു് സാധിക്കുന്നതാണു്.

കൊച്ചിയിലെ ജനങ്ങളെല്ലാവരും വീണ്ടും, വീണ്ടും, എത്രയോ തവണവേണ്ടെന്നു പറഞ്ഞിട്ടും പ്രസ്സു് ആക്ടു് ഒരു വിളംബരംമൂലം നടപ്പിൽ കൊണ്ടുവന്ന ഗവൺമെൻറിനു് ലജ്ജയില്ലേ? ഇങ്ങനെയുള്ള പ്രസ്സു് ആക്ടു് റദ്ദുചെയ്യണമെന്നു് പ്രമേയം മൂലവും ഉപക്ഷേപം മൂലവും ഈ സഭയുടെ അകത്തും, പുറത്തും പാസ്സാക്കീട്ടുള്ളതുകൊണ്ടു് അതനുസരിച്ചു പ്രവൃത്തിക്കാനുള്ള പ്രാഥമികബോധം നമ്മുടെ ഗവൺമെൻറിനില്ല. അങ്ങിനെയിരിക്കെ ജനക്ഷേമകരമായ ഈയുള്ള കാര്യങ്ങൾ നടപ്പിൽ വരുത്തണമെന്നു് ഗവൺമെൻറിനോടു പറയുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അതിനെതിരായി നിയമശാസ്ത്രങ്ങളും, മറ്റനടപടികളുമെല്ലാം എടുത്തു കൊണ്ടു് ഗവണ്മെൻറു് മുന്നോട്ടുവരികയാണു് ചെയ്യുന്നതു്. ഇതു് ലജ്ജാകരമായപ്രവൃത്തിയാണെന്നും, ഇത്തരത്തിൽ തുടർന്നുപോരുന്നതു്, എൻറെ ബഹുമാനപ്പെട്ട സ്നേഹിതൻ ഇബ്രാഹിം അവർകൾ സൂചിപ്പിക്കുന്നതുപോലെ അവരുടെ നിരാശയുടെ അടിത്തട്ടിൽനിന്നും പലവിധ ക്ഷോഭങ്ങളും വിപ്ലവങ്ങളും ഉണ്ടാക്കുന്നതിനു അവരെ പ്രോത്സാഹിപ്പിക്കുന്ന ഒരു പ്രവൃത്തിയാണെന്നും ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

മറെറാരു സംഗതി ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുവാനുള്ളതു് നിയമത്തിൻേറയും നീതിയുടേയുംപേരിൽ പാവപ്പെട്ട കർഷകന്മാരെ എത്രമാത്രം ബുദ്ധിമുട്ടിക്കുന്നുയെന്നുള്ളതാണു്. ഈ സ്ഥിതിക്കു്, കർഷകന്മാർക്കു് ആശ്വാസംകൊടുക്കുന്ന ഒരു നിയമം നടപ്പിൽ വരുത്തണമെന്നു പറയുമ്പോൾ, രാജ്യത്തിലെ നീതിയുടേയും നിയമത്തിൻേറയുംപേരിൽ നമ്മുടെ കർഷകന്മാർ എത്രമാത്രം ബുദ്ധിമുട്ടനുഭവിക്കുന്നുണ്ടെന്നു് ഓർത്തുനോക്കുവാൻ ഞാൻ ഗവണ്മെൻറിനോടു് ആവശ്യപ്പെടുന്നു. നീതിയുടേയും നിയമത്തിൻേറയുംപേരിൽ കർഷകന്മാരാണു് പലവിധ കഷ്ടതകളനുഭവിക്കുന്നതു്. കർഷകന്മാരാണു് ഈ നാട്ടിലെ കടക്കാർ. നിയമത്തിൻേറയും, നീതിയുടേയുംപേരിൽ നമ്മുടെ ഗവണ്മെൻറു് കർഷകന്മാരിൽനിന്നു് എത്രമാത്രം നികുതി പിരിക്കുന്നുണ്ടെന്നു് ഗവണ്മെൻറാ ഈ സഭയിലെ അനുഭാഗവന്മാരൊ ആലോചിച്ചിട്ടുണ്ടോയെന്നു ഞാൻ സംശയിക്കുന്നു. ലോ ആൻറു് ജസ്റ്റീസു് ഡിപ്പാർട്ട്മെൻറിലെ ആയവ്യയകണക്കു പരിശോധിക്കുന്നപക്ഷം കൊല്ലംതോറും ഒരു ലക്ഷംരൂപാമിച്ചംവരുന്നതായിക്കാണാം. നീതി ജനങ്ങൾക്കു കൊടുക്കുന്നതിൽനിന്നു് ആദായം ഉണ്ടാക്കുകയായിരിക്കരുതു് എന്നുള്ളതു് എല്ലാ ഗവണ്മെൻറുകളും അംഗീകരിച്ചിട്ടുള്ള തത്വമാണു്. ഏതു ഗവണ്മെൻറുകളും അവരുടെ ഏററവും പ്രാഥമികമായ ചുമതലകളിൽ ഒന്നായിട്ടാണു് നിയമപരിപാലനത്തെ കണക്കാക്കിട്ടുള്ളതു്. ഇങ്ങനെയുള്ള നിയമപരിപാലനത്തിനു പരിഷ്കൃത ഗവണ്മെൻറുകൾ മറെറ ഡിപ്പാർട്ട്മെൻറുകളിൽനിന്നുപോലും പണം ചിലവുചെയ്യുകയെന്നുള്ള നയം സ്വീകരിച്ചിരിക്കുമ്പോൾ, നമ്മുടെ ഗവണ്മെൻറു് ആ ഡിപ്പാർട്ട്മെൻറിൽനിന്നും ആദായമുണ്ടാക്കുകയാണു് ചെയ്യുന്നതു്. ലോ ആൻറു് ജസ്റ്റീസു് ഡിപ്പാർട്ട്മെൻറിലെ ആയവ്യയകണക്കു പരിശോധിക്കുന്നപക്ഷം മൂന്നു ലക്ഷം രൂപാ കൊല്ലം തോറും ആ ഡിപ്പാർട്ട്മെൻറിലേക്കു് ചിലവുണ്ടെന്നും ര് ലക്ഷം രൂപാ വരവുണ്ടെന്നും കാണാവുന്നതാണു്. ഈ ര് ലക്ഷത്തിൽ പതിനാലായിരം രൂപാ ലോആൻറു് ജസ്റ്റീസു് ഡിപ്പാർട്ട്മെൻറിൻെറ ഫൈസ്സിൽനിന്നും, നു,വു൪ ,൦ ൦ ൦ രൂപാ കോർട്ട്ഫീയിൽനിന്നുമാണു്. കോർട്ട്ഫീയിൽനിന്നുള്ള വരവു് കടക്കാരായ കർഷകന്മാരിൽനിന്നുമാണു്. കർഷകന്മാരിൽനിന്നും പിരിക്കുന്ന കോർട്ട്ഫീയും മറും നീതിന്യായം പരിപാലിക്കുന്നതിനു ചിലവാക്കേണ്ടതിനാണു് ഗവണ്മെൻറു് ജാഗ്രതകമാകേണ്ടതു്. ഒരുപക്ഷെ മിസ്റ്റർ ഇബ്രാഹിം അഭിപ്രായപ്പെട്ടവിധത്തിൽ ഇങ്ങിനെ ഒരു നിയമം നടപ്പിൽ വരുന്നപക്ഷം അവരുടെ വരവിൽനിന്നും കുറെ കുറവു വന്നേക്കാം. പക്ഷെ ഈ ഡിപ്പാർട്ട്മെൻറിൽനിന്നും ആദായമുണ്ടാക്കാനല്ല ഗവണ്മെൻറു് നോക്കേണ്ടതു്. ഈ ഡിപ്പാർട്ട്മെൻറിൽ വിനിയോഗിക്കേണ്ടിടത്തോളം ഭാവനാശക്തി ഗവണ്മെൻറു് മറെറ ഡിപ്പാർട്ട്മെൻറുകളിൽ വിനിയോഗിക്കേണ്ടതില്ല.

ഗവണ്മെൻറും നാട്ടുകാരും ഒത്തുചേർന്നുകഴിഞ്ഞാൽ ഈ നിയമസഭ ആവശ്യപ്പെട്ടിട്ടുള്ളപോലെ, ഒരു കാർഷികാശ്വാസ ബിൽ, ബ്രിട്ടീഷിൻഡ്യയിൽ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിൽ വരുത്തിയിട്ടുള്ളപോലെ ഒരു ബിൽ നടപ്പിൽ വരുത്താൻ സാധിക്കുന്നതാണു്. ബ്രിട്ടീഷിൻഡ്യയിൽ ഈ നിയമം വന്നിട്ടു് യാതൊരു കലാപവുമുണ്ടായിട്ടില്ലെന്നു നമുക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. ബ്രിട്ടീഷിൻഡ്യയിലെ ചില മുക്കിലും മൂലയിലും ഇരുന്നു ചിലർ ഈ ബിൽ പലവിധത്തിലുള്ള കുഴപ്പങ്ങളുണ്ടാക്കുന്നു എന്നും ക്രെഡിറോഴ്സാകുന്ന നദീപ്രവാഹം പൊട്ടെന്നു നിന്നുപോയെന്നും, അതു ബില്ലാകുന്ന മണലാരണ്യത്തിൽപെട്ടു് ആണ്ടുപായിരിക്കുന്നു എന്നും മറ്റും ചില പത്രങ്ങളിൽ എഴുതിക്കാണുന്നുണ്ടു്. വളരെ അനീതിയായവിധം പണം പലിശക്കു കൊടുത്തിട്ടുള്ളവർക്കും, പണംകൊണ്ടു വ്യാപാരം ചെയ്യുന്ന ആളുകൾക്കും തല്ക്കാലം ആദായത്തിൽ കുറച്ചു കുറവുണ്ടാകുമെന്നല്ലാതെ ഈ ബിൽമൂലം ആശ്വാസം അനുഭവിക്കുന്ന കർഷകന്മാരുടെ സ്ഥിതിയെപ്പറ്റി അവർ ഓർക്കുന്നതേയില്ല. അവിടെ ഈ ബിൽ മൂലം കർഷകരനുഭവിക്കുന്ന ആശ്വാസത്തേയും സുഖത്തേയും പറ്റി പറയുന്നതിനെ കേൾക്കാൻ അധികം ആളുകളില്ല. അതെങ്ങിനെയായാലും നമ്മുടെ കർഷകന്മാരുടെ ദുരവസ്ഥയെ പരിഹരിച്ചു്, അവരുടെ ജനപ്രതിനിധികൾ ആവശ്യപ്പെട്ട കാര്യങ്ങൾ തക്കതായ സമയത്തു് ചെയ്തുകൊടുത്തില്ലെങ്കിൽ അതുകൊണ്ടു് ഗവമ്മെണ്ടിനും ജനങ്ങൾക്കും ദോഷം വരുന്നതാണെന്നു് ഗവമ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊണ്ടു് മിസ്റ്റർ ഇബ്രാഹിമിന്റെ ഉപേക്ഷപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

Mr. P. Achyuta Menon (*Kattur*): സർ, ഏതാണ്ടു് ഇന്നത്തെ കർഷകന്മാരുടേയും ഇന്നത്തെ വയലുകളുടേയും ദുരിതാവസ്ഥ ഒന്നുതന്നെയാണു്. പ്രകൃതിയുടെ ക്രൂരതകൊണ്ടു് നിലങ്ങളിൽനിന്നു യാതൊന്നും കിട്ടുവാൻ വയ്യാത്തവിധത്തിൽ അതു വരണ്ടുകിടക്കുന്നു എന്നുള്ള പരമാർത്ഥം ഈ സഭയെ ഞാൻ ഉൽബോധിപ്പിക്കുന്നതിനോടുകൂടിതന്നെ ഏതാണ്ടു് പണക്കാരുടെ അതെ, ഇന്നത്തെ ഉത്തമർണ്ണന്മാരുടെ, ചോര വലിച്ചൂട്ടുകുടിച്ചതിന്റെ ഫലമായി കർഷകന്മാരും ഉണങ്ങിവരണ്ടുതന്നെയാണിരിക്കുന്നതെന്ന പരമാർത്ഥവും ഈ സഭയെ ഞാൻ ഉൽബോധിപ്പിച്ചുകൊള്ളട്ടെ. ഒരു വിളംബരം മൂലം, നമ്മുടെ അയൽരാജ്യമായ മദ്രാസ്സംസ്ഥാനത്തിൽ നടപ്പിൽ വന്നിരിക്കുന്ന കാർഷികാശ്വാസബിൽ നമ്മുടെ ഗവമ്മെണ്ടും നടപ്പിൽ വരുത്തണമെന്നു് ഞാൻ പറയുമ്പോൾ എന്റെ മാന്യസ്നേഹിതന്മാർ തെറ്റിദ്ധരിക്കയില്ലെന്നു ഞാൻ വിചാരിക്കുന്നു. ഇതു കേവലം പ്രചരണത്തിനു വേണ്ടി മാത്രമുള്ള പറച്ചിലല്ല. കർഷികാരുടെ അവശതകൾ മൈനാദിനം കണ്ടറിഞ്ഞു് അതിനു ഒരു പരിഹാരമാർഗ്ഗം ഉണ്ടാക്കുവാൻ സാധിക്കുമോ എന്നു പരീക്ഷിക്കുവാൻ വേണ്ടി, അവരുടെ പ്രതിനിധികളായി നാട്ടിൽനിന്നും പറഞ്ഞയച്ചിട്ടുള്ള ഞങ്ങളുടെ ഉള്ളിലെ ചില വിചാരങ്ങൾ വെളിപ്പെടുത്തുക മാത്രമാണു ഞാൻ ചെയ്യുന്നതു്. എനിക്കു പറയാനുള്ളതു് മദ്രാസ്സംസ്ഥാനത്തിൽ എന്തു ബില്ലെങ്കിലും നടപ്പായിക്കൊള്ളട്ടെ. ആ ബില്ലിനെപ്പറ്റി എന്റെ സ്നേഹിതൻ മിസ്റ്റർ ഗോവിന്ദമേനോൻ പറഞ്ഞതിനോടു പൂർണ്ണമായി യോജിക്കുവാൻ എനിക്കു് നിവൃത്തിയില്ല. ആ ബിൽ നടപ്പിൽ വന്നിരിക്കുന്നതുകൊണ്ടു മദ്രാസ്സംസ്ഥാനത്തിലെ കർഷകരുടെ അവശതകൾ തീരെയായിത്തീർന്നിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ ഒരു പടികൂടി മുന്നോട്ടു പോകയാണു ചെയ്യുന്നതു്. നാലായിരം രൂപാ കൊടുക്കാനുള്ള ഒരാൾക്കു വെട്ടിക്കുറക്കലിന്റെ ഫലമായി ആയിരം രൂപാ ആക്കിയെന്നു വെക്കുക. ആ ആയിരം ഉറുപ്പികതന്നെ കൊടുക്കാൻ സാധിക്കാതെവരുന്നതുകൊണ്ടു് ഉത്തമർണ്ണന്മാർ അവരുടെ സ്വത്തുക്കൾ വിറ്റുകൊണ്ടുപോകുന്നുണ്ടു്. ആ ആയിരം ഉറുപ്പികയ്ക്കു് ഫ ൦ ൦ ക. തന്നെ ആക്കിയാലും അവർക്കു സ്വത്തു വിറ്റുകൊണ്ടുപോകുവാൻ സാധിക്കും. പഞ്ഞപ്പിശാചിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പല്ലിളിച്ചിളയാട്ടം അങ്ങിനെ ആയിട്ടുണ്ട്. അതുകൊണ്ട് ഞാൻ പറയുന്നതു് അതിൽനിന്നും ഒരു പടികൂടി മുന്നോട്ടു പോയി ആയിരം രൂപാ കടമുള്ള ഒരാൾക്ക അയാളുടെ വസ്തുവിന്റെ അനുഭവത്തിൽനിന്നും പത്തു തവണയൊ പതിനഞ്ചു തവണയൊകൊണ്ടു് കൊടുത്തു തീർക്കത്തക്ക ഒരു നില നമ്മുടെ കൃഷി കാര്യാസബില്ലിൽ വരുത്തി കർഷകന്മാരെ രക്ഷിക്കേണ്ട ഒരു മുമ്പലെ നമ്മുടെ ഗവമ്മെണ്ടിനുണ്ടു് എന്നാണു്. ഞാൻ ഈ സമയത്തു് ട്രഷറിബെഞ്ചിലിരിക്കുന്ന ബഹുമാന്യസ്നേഹിതന്മാരെ ഒന്നു മനസ്സിലാക്കിക്കൊള്ളട്ടെ. ബമ്മയുടെ വേർ പാടു മൂലമൊ അല്ലെങ്കിൽ കപ്പലുകളുടെ കൂടുതൽ വരവു മൂലമൊ അണു നമ്മുടെ രാജ്യം തടിച്ചിട്ടുള്ളതു് എന്നാണു് നിങ്ങൾ വിചാരിക്കുന്നതു്. അങ്ങിനെയല്ല. ഈ രാജ്യം തടിച്ചിട്ടുണ്ടെങ്കിൽ അതു് കർഷകന്മാരായ കാമധേനുക്കളുടെ പാൽ കറന്നു കുടിച്ചിട്ടാണു്. ആ കാമധേനുക്കൾക്കു കിടക്കുവാൻ സ്ഥലമില്ലാതെ, കുടിക്കുവാൻ വെള്ളമില്ലാതെ, തിന്നുവാൻ തീറ്റിയില്ലാതെ കടമാകുന്ന മണലാരണ്യത്തിൽ കിടന്നു എരിപൊരികൊണ്ടു് നരകിക്കുന്നു. അവരെ രക്ഷിക്കേണ്ട കടമ ഗവമ്മെണ്ടിനുണ്ടു്. ഗവമ്മെണ്ടിനെ ഒരുകാലത്തു പോറ്റിയ അവരെ, അവരുടെ ഈ ദയനീയാവസ്ഥയിൽ രക്ഷിക്കേണ്ടതു് ഗവമ്മെണ്ടിന്റെ ഒഴിച്ചുകൂടാത്ത ധർമ്മമാണു്, കടമയാണു്. അതുകൊണ്ടു് കൊച്ചി രാജ്യത്തിലെ കർഷകന്മാരെ സകലവിധത്തിലും രക്ഷിക്കുവാൻ വേണ്ടി മദ്രാസിലെ നിയമത്തിൽനിന്നും ഒരു പടി കൂടി മുന്നോട്ടു പോയിട്ടുള്ള ഒരു നിയമം ഉടനെ നടപ്പിൽ വരുത്തണമെന്ന അപേക്ഷയോടുകൂടി ഞാൻ മിസ്റ്റർ ഇബ്രാഹിമിന്റെ ഉപക്ഷേപത്തോടു അനുകൂലിച്ചുകൊള്ളുന്നു.

Mr. V. J. Mathai (*Planters*): മിസ്റ്റർ പ്രസിഡണ്ടു്, സർ, കർഷകന്മാരുടെ ഇന്നത്തെ ദയനീയാവസ്ഥയെക്കുറിച്ചു് എന്റെ സ്നേഹിതൻ മിസ്റ്റർ ഇബ്രാഹിം പറഞ്ഞിട്ടുള്ളതിൽ കൂടുതലായി എന്തെങ്കിലും പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നുതന്നെയുമല്ല പല ബഹുമാനപ്പെട്ട മെമ്പർമാരും കർഷകരെ കൂടുതൽ രക്ഷ നൽകണ്ടതിന്റെ അത്യാവശ്യകതയെപ്പറ്റി ഗവമ്മെണ്ടിന്റെ മുമ്പാകെ നിവേദനങ്ങൾ കൊണ്ടുവന്നിട്ടുണ്ടു്. കർഷകർക്കു ആശ്വാസപ്രദമായി ഗവമ്മെണ്ടിൽനിന്നും ഏർപ്പെടുത്തിയിട്ടുള്ള രണ്ടുമൂന്നു പ്രതികളെക്കുറിച്ചു് എന്റെ മാന്യ സ്നേഹിതൻ മിസ്റ്റർ ഗോവിന്ദമേനോൻ പറഞ്ഞിട്ടുള്ളതുകൊണ്ടു് അതിൽ കൂടുതലായി എനിക്കു അധികമൊന്നും പറയാനില്ല. എന്നാൽ ഇങ്ങിനെയുള്ള ആശ്വാസപ്രതികൾ എല്ലാം ഗവമ്മെൻറു് ഏർപ്പെടുത്തിയതിനു ശേഷം അവ മൂലം ഉദ്ദിഷ്ടഫലം സിദ്ധിച്ചിട്ടുണ്ടൊ എന്നു ആലോചിക്കുമ്പോൾ ഒരൊറ്റ സംഗതി കൊണ്ടു തന്നെ അതുമൂലം പറയത്തക്ക ഗുണം കർഷകന്മാർക്കുണ്ടായിട്ടില്ലെന്നു മനസ്സിലാക്കാം. എന്റെ ഒരു ചോദ്യത്തിനുത്തരമായി ഗവമ്മെൻറിൽ നിന്നും പറഞ്ഞ മറുപടിയിൽ നിന്നും ഈ അപേക്ഷകൾ ജുണരഞ്ജനബോർഡിൽ കിട്ടിയതിൽ നൂറിൽ എണ്ണത്തിൽ മാത്രമേ ഏതെങ്കിലും വിധം ഒരു തീരുമാനം ഉണ്ടാക്കുവാൻ സാധിച്ചിട്ടുള്ളു എന്നു ഗവമ്മെൻറു് പറഞ്ഞിട്ടുള്ളതിൽ നിന്നും അതുകൊണ്ടു പറയത്തക്ക പ്രയോജനം കുടിക്കാരായ കർഷകന്മാർക്കുണ്ടായിട്ടില്ലെന്നു കാണുവാൻ സാധിക്കും. ഇതിൽ നിന്നും മനസ്സിലാകുന്നതു തല്ലുകൊണ്ടു കരയുന്ന കുട്ടിയുടെ കരച്ചിൽ മാറ്റാൻ കൊണ്ടുവന്നിട്ടുള്ള ഈ രണ്ടു മൂന്നു പ്രതികളും ഒരു മഹാരോഗം പിടിപെട്ടിരിക്കുന്ന രോഗിയുടെ തൊലിക്കു പുറമെ തല്ലുന്ന ലേപം ഉപശാന്തിക്കായി മരുന്നു പുരട്ടി ആശ്വാസപ്പെടുത്തുന്നതുപോലെ മാത്രമാണെന്നാണു്. കർഷകന്മാരുടെ ദുരിതബാധയെപ്പറ്റി പ്രബുദ്ധവും ഉജ്വലവുമായ ഭാഷയിൽ ഇവിടെ പ്രതിപാദിച്ചിട്ടുള്ള സംഗതികളെ പുനരാവർത്തിതമായി പ്രതിപാദിക്കേണ്ടതില്ല. എന്നാൽ കർഷകന്മാരുടെ ദയനീയസ്ഥിതിയുടെ മൂലമായ കാരണം

LIBRARY ARCHIVES Kerala Legislative Assembly

ആരായുകമാത്രമാണ് ഞാൻ ചെയ്യുവാൻ ഉദ്യമിക്കുന്നത്. അതോടുകൂടി തന്നെ ഇപ്പോഴത്തെ അവരുടെ ദയനീയാവസ്ഥയുടെ പരിഹാരത്തിനുള്ള ഉത്തമ മാർഗ്ഗം താഴ്മയായി നിർദ്ദേശിക്കുക കൂടി ചെയ്യുകൊള്ളുന്നു.

കർഷകന്മാരുടെ ഇപ്പോഴത്തെ നിസ്സഹായസ്ഥിതിയുടെ കാരണം ഞാൻ എന്റെ ബഡ്ജറ്റ പ്രസംഗത്തിൽ ഗവർമ്മെൻറിന്റെ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളതായ അതിയായ നികുതിഭാരമാണ് എന്നാണ് എന്റെ അഭിപ്രായം. പ്രതിവർഷം ഒരു കർഷകന്റെ ശരാശരി വരവ് ൫൦ ക. മാത്രമാണെന്നും അതിൽ ആറിൽ ചിലപ്പോൾ ശുപാ കരമായി കൊടുക്കുന്നുണ്ടെന്നും മറ്റു പല വിധ ഇനങ്ങളിലും കൂടി ചുരുങ്ങിയതു പത്തു ശുപായെങ്കിലും ഒരു കർഷകൻ നികുതി കൊടുക്കുന്നുണ്ടെന്നും ആണ് എന്റെ അനുഭവം കൊണ്ടറിയുന്നത്.

രണ്ടാമതായി ഭൂമിയുടെ വളക്കുറവു മൂലം കർഷകന്മാരുടെ പ്രയത്നത്തിനു ശരിയായ ഫലം കിട്ടുന്നില്ല.

മൂന്നാമതായി കർഷകന്മാർക്കു കിട്ടുന്ന ഉല്പന്നങ്ങൾക്കുണ്ടായിരുന്ന വില വളരെ കുറഞ്ഞുപോയി.

അതുകൊണ്ടു കർഷകന്മാരുടെ സങ്കടത്തിനു ശരിയായ ഒരു പരിഹാരം ചെയ്യുന്നതിനു പകരം തൊലിക്കു പുറമെ എന്തെങ്കിലും തൊട്ടുപൂശിയതുകൊണ്ടു കാര്യമായില്ല എന്നാണ് ഞാൻ പറയുന്നത്. ആദ്യമായി ഗവർമ്മെൻറ് ചെയ്യേണ്ടതു ഇപ്പോൾ കർഷകന്മാർക്കു വന്നിട്ടുള്ള ക്ഷണബാധയിൽ നിന്നും അവരെ രക്ഷിക്കാൻ ശ്രമിക്കുകയെന്നുള്ളതാണ്. അതിലേക്കു കർഷകന്മാരുടെ കടത്തെ വെട്ടിക്കുറക്കുന്നതിനുള്ള അധികാരത്തോടു കൂടിയ ഒരു ക്ഷണരഞ്ജന ബോർഡു് സ്ഥാപിക്കുകയെന്നുള്ളതാണ്. രണ്ടാമതായി ജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി പല വിധത്തിലായി ചിലവാക്കുന്നതിനു പകരം ജനങ്ങളുടെ രക്ഷക്കു വേണ്ടി അതിലൊരു ഭാഗം ചിലവിടേണ്ടതാണ്. ജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന നികുതിയിൽ നിന്നും വലിയ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാർ അവരുടെ അയൽവക്കത്തുള്ള കർഷകന്മാർക്കു സംഖ്യ കടം കൊടുത്തു് അവരുടെ വസ്തുക്കൾ എല്ലാം കടപ്പെടുത്തി എടുക്കയാണ് ചെയ്യുന്നത്. അതുകൊണ്ടു് നികുതി ചുമത്തി അവരിൽ നിന്നും പിരിച്ചെടുക്കുന്ന സംഖ്യ ഉദ്യോഗസ്ഥന്മാർക്കു ശമ്പളമായി കൊടുക്കാതെ കർഷകന്മാരുണ്ടാക്കുന്ന ഉല്പന്നങ്ങൾക്കു വില വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും അവരെ കൃഷി ചെയ്യുന്നതിനു പ്രോത്സാഹിപ്പിക്കുന്നതിനുമായി ചിലവു ചെയ്യുകയാണ് വേണ്ടതു് എന്നു ഞാൻ ഗവർമ്മെൻറിനെ ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഇതിനെല്ലാറിനും പുറമെ കർഷകന്മാർക്കു മേലാൽ കടം ഉണ്ടാകാതിരിക്കാനും അങ്ങിനെ കടമുണ്ടാകുന്ന പക്ഷം ആ കടത്തിനു് കർഷകന്മാരുടെ ഏക സമ്പാദ്യമായ അവരുടെ ജോലിക്കു ഏക മാർഗ്ഗമായിട്ടുള്ള അവരുടെ വയലുകളേയും അവരുടെ ആടുമാടുകളേയും അവരുടെ കലപ്പ, തുമ്പാ മുതലായ സാമഗ്രികളേയും അവർ താമസിക്കുന്ന ചെറിയ കുപ്പുരകളേയും ഉത്തമർണ്ണന്മാരായ ആളുകൾ വിറ്റുകൊണ്ടുപോകാതിരിക്കത്തക്ക വിധത്തിൽ അവരെ സംരക്ഷിക്കുന്ന പ്രത്യേകമായ ഒരു നിയമം ഏർപ്പെടുത്തേണ്ടതാണെന്നും അങ്ങിനെ കാതലായ രോഗങ്ങൾ കണ്ടു മനസ്സിലാക്കി കാതലായ ചികിത്സ ചെയ്യാത്ത പക്ഷം കൃഷിക്കാർ നശിച്ചുപോകുമെന്നു മനസ്സിലാക്കേണ്ടതാണ്. കൃഷിക്കാർ നശിച്ചുപോകുന്ന പക്ഷം നിങ്ങൾക്കു കിട്ടുന്ന കസ്റ്റംസ് ഡ്യൂട്ടിയുണ്ടാകയില്ല; ശീമച്ചരക്കു കൊണ്ടുവാങ്ങാൻ ആളുണ്ടാകയില്ല; ഫീസു കൊടുത്തു സ്കൂളിൽ പഠിക്കാൻ കുട്ടികളുണ്ടാകയില്ല; ഭൂനികുതി കൊടുക്കാൻ ആളുണ്ടാകയില്ല; ഇങ്ങിനെ ഏതു തരത്തിലും രാജ്യത്തിനു ആപത്തായിരിക്കും വരിക. ഈ കഷ്ടകരമാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

ചെട്ടികളെ നാം സംരക്ഷിക്കാത്തപക്ഷം നമുക്ക് ഇപ്പോൾ കിട്ടുന്ന അനുഭവം മേലാൽ കിട്ടുന്നതല്ലെന്നും ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. കർഷകന്മാർ ഈ രാജ്യത്തുനിന്നും നിഷ്കാസനം ചെയ്യപ്പെട്ടാൽ രാജ്യത്തിൻെറ സ്ഥിതി വളരെ ആപൽകരമായിതീരുമെന്നും ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഒലിവർ ഗോൾഡ്സ്മിത്തു പറയുന്നതു് ഞാൻ ഇവിടെ പറയാം. ('A bold peasantry, their country's pride, once destroyed can never be supplied'). വീരന്മാരായ കർഷകന്മാർ ഒരു രാജ്യത്തിനു അഭിമാനകരമാണു്. അവർ നശിച്ചുപോയാൽ പിന്നെ അവരെ സൃഷ്ടിക്കുക സാദ്ധ്യമല്ലഎന്നാണു്. എൻെറ സപ്തശക്തിയോടും കൂടി ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു, അങ്ങിനെ ഒരു കാലം ആസന്നമാകുന്നതിനുമുമ്പു് കർഷകന്മാർ അവരുടെ കലപ്പകൾ വാളുകളായും അവരുടെ തൂമ്പ മാരായുധങ്ങളായും അവരുടെ കർഷകസംരക്ഷണത്തിനുവേണ്ടി മാറ്റി ഉണ്ടാക്കുന്നതിനുമുമ്പു വലിയ വിപ്ലവത്തിനു ഇടയാകുന്നതിനുമുമ്പു്, ഇങ്ങിനെയുള്ള വിപ്ലവം ഫ്രാൻസു രാജ്യത്തു മാത്രമല്ല റഷ്യയിലുമല്ല മറെറ പല ദിക്കിലും കണ്ടിട്ടുള്ളതാണു്, അങ്ങിനെയുള്ള ഒരു കാലം വരാതിരിക്കുന്നതിനുവേണ്ടി വേണ്ട രക്ഷകൾചെയ്യു് കർഷകനെ നിരാശക്കുണ്ടിൽ നിന്നു കയറെറണ്ടുമതല ഗവണ്മെൻറിനുണ്ടെന്നു് ഗവണ്മെണ്ടിനെ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

Mr. K. M. Ibrahim (*Cranganur*): Sir, let us hear the Government view.

Mr. Thomas Manjuran (*Advocate-General*): If any other hon'ble member does not wish to speak I will state the Government view. It is better I think to have as full a discussion on the subject as they wish and then have the Government reply. At this stage I can only say that the Government are opposing the motion.

Mr. M. K. Devassy (*Adoor*): Sir, our purpose in requesting the other side to give their views is to learn and see whether there is any preliminary objection. If there is nothing of that kind and if their opposition is simply based on the merits, I think it will be better that he does it afterwards, when the discussion is over.

***Mr. V. P. Kannu Pillai** (*Mattancheri*): സർ, ബഹുമാനപ്പെട്ട ക്രാങ്ങനൂർ മെമ്പർ കർഷകന്മാർക്കു യാതൊരു ഉപകാരവും ചെയ്യുന്നതിനായല്ല ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. കർഷകന്മാർ എന്നുള്ള വ്യാഖ്യാനം നോക്കിയാൽ കർഷകന്മാർ ഇന്ന ആളുകളാണെന്നുള്ളതിനു ഒരു ലജിസ്ലേഷൻ വേണ്ടതായിട്ടാണിരിക്കുന്നതു്. അല്ലെങ്കിൽ ട്വഷറി ബഞ്ചിൽ ഇരിക്കുന്നവർ കൂടി കർഷകന്മാരാകും. അവർ കർഷകന്മാരല്ലെന്നു ആർക്കു പറയാൻ സാധിക്കും. കർഷകന്മാരല്ലാതെ കൊച്ചിയിൽ ആരുമില്ല. കച്ചവടക്കാരുടെ കച്ചവടം നടക്കുന്നതിനും ബാങ്കുകളിൽ ഇടവാട നടത്തുന്നതിനും ഈ നിയമം വന്നാൽ വലിയ വിഷമമായിതീരും. യഥാർത്ഥ കർഷകന്മാർക്കു എന്തെങ്കിലും സഹായംചെയ്യുകൊടുക്കുന്നതിനു് എനിക്കു വിരോധ

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

മില്ല. അല്ലാതെ കടം വാങ്ങിയാൽ മടക്കികൊടുക്കണ്ട എന്നു പറഞ്ഞാൽ വളരെ കഷ്ടമാണ്. പണം കടംവാങ്ങിച്ചു് ചോദിക്കുമ്പോൾ, കൊടുക്കാതെ കഴിക്കുന്നതിനു എല്ലാവരും കർഷകന്മാരാകും. രണ്ടു വാഴ വെച്ചാലും മതി. ചുരുക്കത്തിൽ വാങ്ങിയാൽ കൊടുക്കണ്ട എന്നു പറഞ്ഞാൽ മതി.

Mr. K. M. Ibrahim (*Cranganur*): വാങ്ങിച്ചാൽ കൊടുക്കണ്ട എന്നു മദ്രാസിലെ നിയമത്തിൽ ഇല്ല.

Mr. V. P. Kannu Pillai (*Mattancheri*): കർഷകന്മാർക്കു സഹായം ചെയ്യേണ്ടതു് അത്യാവശ്യമാണു്. എങ്കിലും ഈ നിയമം പാസ്സാക്കുന്നതു് വളരെ ആലോചിച്ചു വേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. ഇതുകൊണ്ടു കർഷകന്മാർക്കുതന്നെ കഷ്ടപ്പാടുണ്ടാകും. ഈ നിയമം പാസാക്കിയാൽ കർഷകന്മാർക്കു പണം കടം കിട്ടുകയില്ലെന്നു മാത്രമല്ല ഒരാൾക്കും കിട്ടുകയില്ല. ബ്രിട്ടീഷിൻഡ്യയിലെ നിയമത്തിൽ കർഷകന്മാർ കൃഷികൊണ്ടു മാത്രം ഉപജീവിക്കുന്ന ആളുകളാണെന്നാണു് പറഞ്ഞിരിക്കുന്നതു്. നമ്മുടെ നാട്ടിൽ ശരിയായ കർഷകന്മാർക്കു കടമില്ല. ഈ നിയമം പാസാക്കിയാൽ കച്ചവടക്കാർ അവരുടെ കച്ചവടംകൊണ്ടു് ഇങ്ങനെയിട്ടു പ്രയോജനമില്ല. കച്ചവടത്തിനു പണം കടംകൊടുക്കൽ വാങ്ങൽ ചെയ്യാതെ നിവൃത്തിയില്ല. പണക്കാർ തന്നെ കടം മേടിച്ചു കഴിഞ്ഞാൽ പിന്നെ അവരും കൃഷിക്കാരാകും. ഇങ്ങിനെയായാൽ വളരെ ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടു ആദ്യംതന്നെ കർഷകന്മാർഎന്നു പറഞ്ഞാൽ ഇന്ന ആളുകൾ എന്നു പറയണം.

Mr. K. M. Ibrahim (*Cranganur*): പട്ടണത്തിലെ മൂഷികന്മാർക്കു അതറിഞ്ഞുകൂടാ.

Mr. V. P. Kannu Pillai (*Mattancheri*): പട്ടണത്തിലെ ആളുകളെ അറിയാത്തതുകൊണ്ടാണു് ഇങ്ങനെ പറയുന്നതു്.

Mr. K. Ayyappan (*Ezhuvas-Kanayannur*): മെമ്പർ ഇതിനെ അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ?

Mr. V. P. Kannu Pillai (*Mattancheri*): എതായാലും ഞാൻ ഇതിനെ അനുകൂലിക്കുന്നു.

Dr. A. R. Menon (*Trichur-North*): Sir, we want to make our position clear. We certainly take, apart from the merits of this question, exception to the method proposed by the mover of this cut-motion. The method proposed is that the Maharaja should issue a Proclamation regarding this matter. I have always taken objection in this House whenever the Government resorted to the Maharaja to issue a Proclamation, when it suited their convenience.

Mr. K. M. Ibrahim (*Cranganur*): You voted for the Untouchability Proclamation. You have not taken objection to it.

Dr. A. R. Menon (*Trichur-North*): In the case of the Untouchabilty Proclamation, this Council has no authority to bring in here any bill or pass any piece of legislation of that

LIBRARY ARCHIVES Kerala Legislative Assembly

nature except recommend to the Maharaja to interfere and set it right. (A Voice: Question). You may question it But as far as I understood, matters affecting religion, this House has no authority to interfere. I am not a lawyer, I am open to correction.

Now, Sir, this measure, when all is said and done, is a controversial one. This measure has conferred great relief to a portion of the population in the Madras Presidency. On that there are no two opinions. At the same time there is a section of opinion who think that that measure has brought great hardship upon a few. Naturally it must be so. If you want to give relief to a portion, some other portion must suffer. But generally speaking I am bound to admit that the concensus of opinion is in favour of the measure and that a large portion of the people—deserving people along with some undeserving people—have got relief in the Madras Presidency. There is no doubt about it. But the point is this. After the introduction of this measure certain difficulties have arisen there, which were not anticipated at the time, and I have heard people saying that certain clauses in that bill ought to have been modified or ought to have been different from what they are. They formed this opinion from their experience of the working of the Act. These difficulties arose later on and they were saying that certain alterations, would have given greater relief in some respect and would have given less complaints in some other respects.

Therefore what I say is this. This measure ought to be properly discussed in this House and such alterations as are necessary in the light of the experience gained so far in Madras Presidency to suit the greater convenience of our people should be made. That is the only objection I want to take. Our only objection is to the Government bringing into force Acts under the operation of Proclamations, and every time that is done we will oppose it. They should not resort to it as a method of enactment of law.

Mr. K. M. Ibrahim (*Cranganur*): But this is an exceptional case.

Dr. A. R. Menon (*Trichur-North*): For this particular purpose they may do it. But we are not going to allow this as a precedent. If they do so, it will be abrogating the power of this House and taking shelter behind the name of the Maharaja to bring into force any controversial measure. We do not want to allow the Government to hide behind the throne whenever they have to enact unpopular measures under the

LIBRARY ARCHIVES Kerala Legislative Assembly

operation of Proclamations. Apart from that, we are anxious to keep the Maharaja out of Political controversy.

Mr. M. K. Devassy (*Adur*) : എന്റെ മുൻഗാമിയായ ബഹുമാനപ്പെട്ട ട്രഷ്ടർ മെമ്പർ പറഞ്ഞതിൽനിന്നും ഞാൻ അത്ഥം വിചാരിക്കുന്നതു്, പത്രമാരണനിയമത്തെപ്പോലെ ലജ്ജാവഹമായ നിയമങ്ങൾ ശവമ്മെണ്ടിൽനിന്നും ഒരു പ്രൊക്ലമേഷൻപ്രകാരം പുറപ്പെട്ടന്ന സന്ദർഭത്തിനു് പ്രതിഷേധം പ്രകടിപ്പിക്കുക എന്നമാത്രമാണു്. മദിരാശിസംസ്ഥാനത്തിൽ നടപ്പിലിരിക്കുന്ന കർഷകാശ്വാസബിൽകൊണ്ടു് കർഷകന്മാർക്കു് ഇനി ആരും കടം കൊടുക്കാതെപോയാലൊ എന്നുള്ളവിധത്തിൽ ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പർ പുറപ്പെടുവിച്ച ഉൽക്കണ്ഠയിൽ ഞാൻ അദ്ദേഹത്തോടു സഹതപിക്കുന്നു. അദ്ദേഹത്തെ അനുമോദിക്കുന്നതിനു പകരം സഹതപിക്കുന്നു എന്നു പറഞ്ഞതെന്താണെന്നു വെച്ചാൽ യഥാർത്ഥത്തിൽ ഇതിൽ അദ്ദേഹം ഏതൊരു വർഗ്ഗക്കാരെപ്പറ്റി പറഞ്ഞുവോ ആ വർഗ്ഗക്കാരെ ബാധിക്കുന്ന മറെറാരു രഹസ്യവും ഉള്ളതുകൊണ്ടാണു്. അതായതു് പണക്കാരുടെ കയ്യിൽ ഉള്ള പണം കൊടുത്താൽ മാത്രമേ അവർക്കു് പലിശ കിട്ടുകയുള്ളു; ഇതുപോലെയുള്ള നിയമംകൊണ്ടു് മേലാൽ പണം കൊടുത്തു പലിശ വാങ്ങുവാൻ സാധിക്കാതെവന്നാലൊ എന്നുള്ള സംശയംകൂടി ഇതിൽ അന്തർലീനമായി കിടക്കുന്നില്ലേ എന്നും എനിക്കു തോന്നുന്നുണ്ടു്. മദിരാശിയിലുള്ള നിയമത്തിൽ കടം വാങ്ങിച്ചാൽ ഒരിക്കലും കൊടുക്കരുതെന്നുള്ള ഒരു അത്ഥം ഉണ്ടെന്നു എന്റെ മാന്യസ്നേഹിതൻ വിചാരിക്കുന്നുണ്ടെങ്കിൽ അതു തെറ്റാണു്.

Mr. K. M. Ibrahim (*Cranganur*) : സപ്ലം എന്നാണു് അതിനു പേരു്.

Mr. M. K. Devassy (*Adur*): പണക്കാരേയും കർഷകന്മാരേയും കടക്കാരേയും രക്ഷിക്കുന്നതിനു ചുമതലയുള്ള ശവമ്മെണ്ടാണു് ഈ നിയമം നടപ്പിൽ വരുത്തീട്ടുള്ളതു്. ഒരു വൃക്ഷത്തെ രക്ഷിക്കണമെന്നു് ആഗ്രഹമുള്ളതുപോലെതന്നെ ഒരു ശവമ്മെണ്ടിനു് ആ വൃക്ഷത്തെ ചുററിപ്പടിച്ചുകിടക്കുന്നതും, ആ വൃക്ഷത്തിന്റെ പോഷകാംശങ്ങളെ ചൂഴ്ന്നെടുക്കുന്നതുമായ ഇത്തിക്കണ്ണികളെ അകററിനിറുത്തുവാനുമുള്ള ചുമതലയുണ്ടെന്നുള്ള അത്ഥത്തിലാണു് ബഹുമാന്യനായ എന്റെ സ്നേഹിതൻ മിസ്റ്റർ ഇബ്രാഹിം ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു.

ഇനും കൊച്ചീരാജ്യത്തിന്റെ ഓരോ മൂലയിലും മാറെറാലിക്കൊള്ളുന്ന ദാരിദ്ര്യത്തിന്റേയും, കഷ്ടപ്പാടിന്റേയും രോദനമാണു് ഈ ഉപക്ഷേപം മൂലം എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ ഇബ്രാഹീം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. കൊച്ചീശവമ്മെണ്ടിൽനിന്നും ആവിധ കഷ്ടപ്പാടുകളൊന്നും അറിയുന്നില്ലെന്നു പറയുവാൻ ഞാൻ തയ്യാറില്ല. ശവമ്മെണ്ടിൽനിന്നു് കർഷകന്മാരുടെ കഷ്ടാവസ്ഥ മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണു് ശവമ്മെണ്ടു് ഇതിനു മുൻപും ഓരോവിധത്തിലുള്ള നിയമങ്ങൾ ഉണ്ടാക്കീട്ടുള്ളതു്. പക്ഷെ ഇതിൽ എനിക്കു പറയുവാനുള്ളതു് നിയമങ്ങളുടെ അഭാവമല്ല, പരിപൂർണ്ണമായ നിയമങ്ങളുടെ കുറവുകൊണ്ടാണു് കർഷകന്മാർക്കു ശരിയായ ആശ്വാസം നൽകാതിരിക്കുവാൻ കാരണമായിട്ടുള്ളതു്. കർഷകന്മാരുടെ കഷ്ടപ്പാടുകൾ പരിഹരിക്കുന്നതിനു് കുറേശ്ശെകുറേശ്ശെയായി പലിശ കുറച്ചതുകൊണ്ടു കാര്യമില്ല (ഹിയർ, ഹിയർ). അവരുടെ കഷ്ടപ്പാടുകളെ ഹനിക്കണമെന്നു ശവമ്മെണ്ടു മനഃപൂർവ്വമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനാവശ്യമായ നിയമങ്ങളുണ്ടാക്കി അവരെ ആവക കഷ്ടപ്പാടുകളിൽനിന്നും ഉദ്ധരിച്ചു് മേലാൽ ശരിയായി ക്ഷേമ

LIBRARY ARCHIVES Kerala Legislative Assembly

ത്തോടുകൂടി ജീവിക്കുന്ന ഒരു ജീവിതമന്ദിരത്തിന്റെ കവാടത്തിൽ അവരുടെ കാലുകൾ വെക്കുന്നതിനു് അവരെ ഗവൺമെണ്ടു സഹായിക്കുകയാണു വേണ്ടതു്. അതുകൊണ്ടു് ഈ ബിൽ ഗവൺമെണ്ടിൽനിന്നു് കൊണ്ടുവരണമെന്നുള്ള ഉപക്ഷേപത്തെപ്പറ്റി യാതൊരുവിധത്തിലുള്ള സംശയങ്ങളും മനസ്സിൽ വെച്ചുകൊണ്ടിരിക്കേണ്ട ആവശ്യമില്ലെന്നാണു് ഞാൻ ഈ സഭയെ ധരിപ്പിച്ചുകൊള്ളുന്നതു്. ഒരു ബിൽ ഇന്നതന്ന നിലക്കു് അനുദ്യോഗസ്ഥപക്ഷത്തുനിന്നും കൊണ്ടുവരുന്നതിനു പകരം ഈ രീതിയിൽ ഒരു ഉപക്ഷേപമായി ഇവിടെ കൊണ്ടുവന്നിട്ടുള്ളതെന്താണെന്നു് പലവിധത്തിലും സംശയിക്കുവാൻ ഗവൺമെണ്ടുഭാഗത്തിനു കാരണമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ഞങ്ങൾ ഇതുകൊണ്ടുദ്ദേശിക്കുന്നതു്, കഷ്ടപ്പെട്ട ഉഛ്വാസം വലിച്ചു് മരിക്കുവാൻ കിടക്കുന്ന ഒരു രോഗിയെ തല്ക്കാലം ഒരു ഗുളിക കൊടുത്തു ശാന്തിപ്പെടുത്തിയതിനു തുല്യം (ഹിയർ, ഹിയർ) മേലാൽ അദ്ദേഹത്തിനു് ആരോഗ്യം സിദ്ധിക്കുവാനുള്ള പോംവഴികൾ ഉണ്ടാക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. ഗവൺമെണ്ടിൽനിന്നു് കൊണ്ടുവരുന്ന നിയമം കർഷകന്മാർക്കു് ഉതകാത്തരത്തിലാകുന്നുണ്ടെങ്കിൽ ആവശ്യമുള്ള മാറ്റങ്ങൾ വരുത്തുവാൻ സാധിക്കുന്നതാണു്. ഗവൺമെണ്ടു കൊണ്ടുവരുന്ന ഒരു നിയമത്തിൽ കർഷകന്മാരെ രക്ഷിക്കുന്നതോടുകൂടി തന്നെ മറ്റുള്ളവരെ അനിഷ്ടപ്രദമായി ഉപദ്രവിക്കുന്നതായ ഭാഗങ്ങൾ ഉണ്ടെങ്കിൽ അതിനെ എടുത്തുകളയുന്നതിനും ഈ സഭ വിമുഖത കാണിക്കുകയില്ല. (ഹിയർ, ഹിയർ.) ഈ സഭ ഉദ്ദേശിക്കുന്നതു് കർഷകന്മാർക്കും, പണക്കാർക്കും, കടക്കാർക്കും ഒരുപോലെ നീതിയെ ചെയ്യുന്നതും, കൊച്ചിരാജ്യത്തു ജീവിക്കുവാൻ അവരെ സഹായിക്കുകയും അനുവദിക്കുകയും ചെയ്യുന്നതുമായ ഒരു നിയമം ഗവൺമെണ്ടിന്റെ കരുണാസംപൂർണ്ണമായ കരങ്ങളിൽനിന്നു് ഞങ്ങൾക്കു ലഭിക്കണമെന്നുള്ളതാണു്. ഈ ഉപക്ഷേപത്തെ സ്വീകരിക്കുവാൻ വീണ്ടും വീണ്ടും കൊച്ചിരാജ്യത്തിലെ നിരവധി സാധുക്കളുടെ നാമത്തിൽ ഈ സഭസ്സിനെ ഉൽബോധിപ്പിച്ചുകൊണ്ടു് ഞാൻ വിരമിച്ചുകൊള്ളുന്നു.

